# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം–*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 മാർച്ച് 25**

---

## മാർത്തോമ കോളജിലെ എൻ.സി.സി യൂണിറ്റിന് പുരസ്കാരം സമ്മാനിച്ചു

*മികച്ച എൻ.സി.സി യൂണിറ്റിന് മഹാത്മാ ഗാന്ധി സർവകലാശാല പുതിയതായി ഏർപ്പെടുത്തിയ ജനറൽ ബിപിൻ റാവത്ത് അവാർഡ് തിരുവല്ല മാർത്തോമ കോളജിന് സമ്മാനിച്ചു. മാർത്തോമ കോളേജിൽ നടന്ന ചടങ്ങിൽ എംജി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ.ഡോ. സി.ടി അരവിന്ദകുമാർ സമ്മാനദാനം നിർവഹിച്ചു. 2020-21 വർഷത്തെ പ്രവർത്തനങ്ങൾക്കാണ് പുരസ്കാരം.*

*സിൻഡിക്കേറ്റ് അംഗം അഡ്വ. റെജി സക്കറിയ മുഖ്യാതിഥിയായിരുന്നു. ഡിപ്പാർട്ട്മെൻറ് ഓഫ് സ്റ്റുഡൻറ് സർവസീസ് ഡയറക്ടർ ഏബ്രഹാം കെ. സാമുവൽ അധ്യക്ഷത വഹിച്ചു. മാർത്തോമാ സഭ സെക്രട്ടറി റവ.എബി ടി. മാമൻ അനുഗ്രഹ പ്രഭാഷണം നടത്തി.*

*എൻ.സി.സി 15-ാം കേരള ബറ്റാലിയൻ കമാൻഡിംഗ് ഓഫീസർ കേണൽ ജേക്കബ് ഫ്രീമാൻ, എംജി സർവകലാശാല സിൻഡിക്കേറ്റ് അംഗം അഡ്വക്കേറ്റ് പി.ബി. സതീഷ് കുമാർ, കോളേജ് പ്രിൻസിപ്പൽ ഡോ.മാത്യു വർക്കി, അസോസിയേറ്റ് എൻസിസി ഓഫീസർ റെയ്സൺ സാം രാജു എന്നിവർ പ്രസംഗിച്ചു.*

*ഫോട്ടോ ക്യാപ്ഷൻ...*

*മികച്ച എൻ.സി.സി യൂണിറ്റിന് മഹാത്മാ ഗാന്ധി സർവകലാശാല ഏർപ്പെടുത്തിയ ജനറൽ ബിപിൻ റാവത്ത് അവാർഡ് വൈസ്ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ തിരുവല്ല മാർത്തോമ കോളജിന് സമ്മാനിക്കുന്നു.*

*(പി.ആർ.ഒ/39/1422/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി ബയോകെമിസ്ട്രി, ആക്ച്യൂരിയൽ സയൻസ്, മാസ്റ്റർ ഓഫ് സയൻസ് ഇൻ അപ്ലൈഡ് ഇലക്ട്രോണിക്സ്, മൈക്രോബയോളജി (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഒക്ടോബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഏപ്രിൽ എട്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

*(പി.ആർ.ഒ/39/1423/2025)*

## സമയപരിധി നീട്ടി

*അഞ്ചാം സെമസ്റ്റർ ബിപിഇഎസ് (നാല് വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം-2022 അഡ്മിഷൻ റഗുലർ, 2017 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2016 അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ മാർച്ച് 26 വരെയും ഫൈനോടുകൂടി മാർച്ച് 27 വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് 28 വരെയും അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1424/2025)*

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ സിബിസിഎസ് ബിഎഫ്ടി/ ബിഎസ്സി അപ്പാരൽ ആന്റ് ഫാഷൻ ഡിസൈൻ (പുതിയ സ്കീം 2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 27ന് തുടങ്ങും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

..........................

*രണ്ടാം സെമസ്റ്റർ എംഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ-ഇന്റലക്ചൽ ഡിസെബിലിറ്റി (2024 അഡ്മിഷൻ റെഗുലറും സപ്ലിമെന്ററിയും) മൂന്നാം സെമസ്റ്റർ എംഎഡ് സ്പെഷ്യൽ എജ്യുക്കേഷൻ-ഇന്റലക്ചൽ ഡിസെബിലിറ്റി (2023 അഡ്മിഷൻ റെഗുലറും സപ്ലിമെന്ററിയും) പ്രാക്ടിക്കൽ പരീക്ഷ മാർച്ച് 29 ന് മൂവാറ്റുപുഴ നിർമല സദൻ ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷ്യൽ എജ്യുക്കേഷനിൽ നടക്കും.*

*(പി.ആർ.ഒ/39/1425/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ